REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 06-05-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **അതിർത്തിയിലെ സംഘർഷ സാധ്യത മുൻ നിർത്തി നാളെ നടത്തുന്ന മോക്ഡ്രിലിനെപ്പറ്റി ആഭ്യന്തര സെക്രട്ടറി, ചീഫ് സെക്രട്ടറിമാരുമായി ചർച്ച ആരംഭിച്ചു.**
- **താളവാദ്യ വിസ്മയത്തിന്റെയും നിറക്കാഴ്ചകളുടെയും തൃശൂർപ്പൂരം വടക്കുംനാഥ സന്നിധിയിൽ കൊട്ടിക്കയറുന്നു.**
- **ഇടുക്കി ദേവികുളം നിയമസഭാ തിരഞ്ഞെടുപ്പ് കേസിൽ A.രാജയുടെ വിജയം റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി തള്ളി.**
- **IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

അതിർത്തി സംഘർഷ സാഹചര്യത്തിൽ നാളെ നടത്താനിരിക്കുന്ന രാജ്യരക്ഷാ മോക്ഡ്രില്ലിന്റെ വിശദാംശങ്ങൾ ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ സംസ്ഥാന ചീഫ് സെക്രട്ടറിമാരുമായി ഇപ്പോൾ ചർച്ച ചെയ്യുകയാണ്. സിവിൽ ഡിഫൻസ് DG, NDRF DG എന്നിവരും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ഡൽഹിയിലെ ആഭ്യന്തര മന്ത്രാലയത്തിലാണ് യോഗം.

നാളെ രാജ്യവ്യാപകമായി സുരക്ഷാ മോക്ഡ്രിൽ സംഘടിപ്പിക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മന്ത്രാലയം നിർദ്ദേശം നൽകിയിരുന്നു. അതിർത്തി മേഖലയിലെ 244 ജില്ലകൾ കേന്ദ്രീകരിച്ചാണ് മോക്ഡ്രിൽ. വ്യോമാക്രമണ മുന്നറിയിപ്പ് സംവിധാനത്തിന്റെയും, റേഡിയോ - ഹോട്ലൈൻ സംവിധാനങ്ങളുടെയും, വ്യോമ സേനയുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ഇത്തരം സജ്ജീകരണങ്ങളുടെ കാര്യശേഷി

വിലയിരുത്തുകയുമാണ് മോക്ഡ്രിലിലൂടെ ലക്ഷ്യമിടുന്നത്. സിവിലിയൻമാർക്കും വിദ്യാർത്ഥികൾക്കും ആക്രമണ സാഹചര്യമുണ്ടായാൽ സ്വീകരിക്കേണ്ട രക്ഷാ നടപടികളും, ഒഴിപ്പിക്കൽ സംവിധാനങ്ങളും പരീക്ഷണ വിധേയമാക്കും.

✪✪✪

ബുദ്ധിശേഷിയുടെ വർദ്ധിച്ചുവരുന്ന ആഗോള ആവശ്യം നിറവേറ്റാൻ ഇന്ത്യയ്ക്കു കഴിയുമെന്ന് കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ പറഞ്ഞു. ന്യൂഡൽഹിയിൽ ഗ്ലോബൽ ആക്സസ് ടു ടാലന്റ് ഫ്രം ഇന്ത്യ - GATI - ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോള തൊഴിലവസരങ്ങളും, സാഹചര്യങ്ങളും കൃത്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് അദ്ദേഹം യുവസമൂഹത്തെ ആഹ്വാനം ചെയ്തു. ഇതിനായി തൊഴിൽ - നൈപുണ്യ പരിശീലനവും , തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും, പ്രൊഫഷണൽ പരിശീലനവും ഗവൺമെന്റ് നൽകിവരുന്നുണ്ടെന്ന് ജയശങ്കർ വ്യക്തമാക്കി.

✪✪✪

പഞ്ചാബിൽ കേന്ദ്ര ഏജൻസികളും പൊലീസും നടത്തിയ സംയുക്ത നടപടിയിൽ വെടിക്കോപ്പുകളും വൻതോതിൽ ആയുധശേഖരവും കണ്ടെത്തി. റോക്കറ്റ് പ്രൊപ്പല്ലറുകൾ, IED സ്ഫോടക വസ്തുക്കൾ, ഹാന്റ് ഗ്രനേഡുകൾ, തുടങ്ങിയവയാണ് വനത്തിനോട് ചേർന്ന പ്രദേശത്ത് നിന്ന് അമൃത്സർ സ്പെഷ്യൽ ഓപ്പറേഷൻ സെല്ലും, കേന്ദ്ര ഏജൻസികളും കണ്ടെത്തിയതെന്ന് പഞ്ചാബ് DGP ഗൗരവ് യാദവ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവരുടെ കുടുംബങ്ങളെ UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ദുഃഖമറിയിച്ചു. സാധാരണക്കാരെ ആക്രമിക്കുന്നത് നീതീകരിക്കാനാവില്ലെന്നും, നിയമപരമായ മാർഗങ്ങളിലൂടെ ഉത്തരവാദികളായ ഭീകരരെ സമൂഹത്തിനു മുന്നിൽ കൊണ്ടുവന്ന് അർഹമായ ശിക്ഷ നൽകണമെന്നും ഗുട്ടറസ് UN ആസ്ഥാനത്ത് മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

ജമ്മുകശ്മീരിലെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈനികർ പ്രകോപനമില്ലാതെ വെടിവെപ്പ് തുടരുന്നു. കുപ്‌വാഡ, ബാരാമുള്ള മേഖലകളിലാണ് പാക് വെടിവെപ്പ്. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിച്ചതായി സൈനിക ഉദ്യോഗസ്ഥർ അറിയിച്ചു.

✪✪✪

താളവാദ്യ വിസ്മയത്തിന്റെയും നിറക്കാഴ്ചകളുടെയും തൃശൂർപ്പൂരം വടക്കുംനാഥ സന്നിധിയിൽ കൊട്ടിക്കയറുന്നു. തിരുവമ്പാടി- പാറമേക്കാവ് ദേവസ്വങ്ങളുടെ തിടമ്പേറ്റിയ ഗജവീരന്മാരും, പാണ്ടിമേളവും, പഞ്ചവാദ്യവും, ആൾക്കൂട്ടവും തേക്കിൻകാട് മൈതാനവും, സ്വരാജ് റൗണ്ടും നിറഞ്ഞു കവിഞ്ഞു. ചെറുപൂരങ്ങൾ കൊട്ടിയെത്തിയതോടെ തൃശിവപേരൂർ അക്ഷരാർത്ഥത്തിൽ ഭൂലോക വൈകുണ്ഠമായി മാറിയിരിക്കുകയാണ്.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിത പ്രതാപ്.

..........വോയ്സ്.........

✪✪✪

തൃശൂർപൂരത്തിന്റെ ആഘോഷ വേളയിൽ കേരളത്തിലെ എല്ലാവർക്കും ആഭ്യന്തരമന്ത്രി അമിത് ഷാ ആശംസ നേർന്നു. സംസ്കാരത്തിന്റെയും, ഐക്യത്തിന്റെയും പുരാതന ചൈതന്യവും മഹത്തായ പൈതൃകവുമാണ് പൂരം അടയാളപ്പെടുത്തുന്നതെന്ന് അദ്ദേഹം സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

തൃശ്ശൂർ MP എന്ന നിലയിൽ ആദ്യത്തെ പൂരമാണിതെന്നും അതിനാൽ ഏറ്റവും ആനന്ദകരമാണെന്നും കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി പറഞ്ഞു. പൂരം കൂടാൻ എത്തിയ ജനങ്ങൾക്കും പൂരാഘോഷം സന്തോഷകരമാണെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

✪✪✪

പൂരത്തോടനുബന്ധിച്ച് കോർപ്പറേഷൻ പരിധിയിൽ മദ്യനിരോധനം ഏർപ്പെടുത്തി. പ്രാദേശിക അവധിയും നൽകിയിട്ടുണ്ട്. കർശനമായ സുരക്ഷാ സന്നാഹങ്ങളും ഒരുക്കിക്കഴിഞ്ഞു.

✪✪✪

ഇടുക്കി ദേവികുളം നിയമസഭാ തിരഞ്ഞെടുപ്പ് കേസിൽ എ രാജയുടെ വിജയം റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി തള്ളി. ജസ്റ്റിസുമാരായ അഹ്സാനുദ്ദീൻ അമാനുള്ള, P.K മിശ്ര എന്നിവർ ഉൾപ്പെട്ട രണ്ടംഗ ബെഞ്ചാണ് വിധി പറഞ്ഞത്. പട്ടികജാതി സംവരണത്തിന് രാജയ്ക്ക് എല്ലാ അർഹതയും ഉണ്ടെന്നും സുപ്രീംകോടതി വിലയിരുത്തി.

രാജയുടെ പൂർവ്വികർ തിരുനെൽവേലിയിൽ നിന്ന് 1950 ഓഗസ്റ്റ് 10ന് മുൻപ് കുടിയേറിയവരാണെന്നും ഇതിന് രേഖകളുണ്ടെന്നും A.രാജയുടെ അഭിഭാഷകൻ ഉന്നയിച്ച വാദം സുപ്രീംകോടതി സ്വീകരിക്കുകയായിരുന്നു.

✪✪✪

വത്തിക്കാനിൽ പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കാൻ നാളെ തുടങ്ങുന്ന കോൺക്ലേവിന് മുന്നോടിയായി എല്ലാ കർദിനാൾമാരും പങ്കെടുക്കുന്ന അവസാനത്തെ യോഗം ഇന്ന് നടത്തും. ഇന്നലെ 179 കർദിനാൾമാർ യോഗം ചേർന്നിരുന്നു. ഇതിൽ 132 പേർക്കാണ് വോട്ടവകാശം.

✪✪✪

നൈരാശ്യത്തിൽ നിന്ന് കേരളീയർക്ക് പ്രതീക്ഷ പകർന്ന ഗവൺമെന്റാണ് LDF ന്റേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന ഗവണ്മെന്റിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് എന്റെ കേരളം പ്രദർശന വിപണന മേളയുടെ ആലപ്പുഴ ജില്ലാ തല അവലോകന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അവലോകനയോഗത്തിന് ശേഷം വൈകിട്ട് ആലപ്പുഴ കടപ്പുറത്ത് LDF റാലിയിലും മുഖ്യമന്ത്രി പങ്കെടുക്കും .

✪✪✪

സംസ്ഥാനഗവൺമെന്റിനെതിരായ തുടർ സമരങ്ങളുടെ തുടക്കമാണ് കല്ട്രേറ്റ് മാർച്ചെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. കേരളത്തിന്റെ സമസ്ത മേഖലകളെയും പിണറായി ഗവൺമെന്റ് തകർത്തുവെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് പത്ത് ജില്ലാകലക്ട്രേറ്റുകളിലേക്ക് നടത്തുന്ന മാർച്ച് കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രമേശ് ചെന്നിത്തല എറണാകുളത്തും UDF കൺവീനർ MM ഹസൻ ആലപ്പുഴയിലും മാർച്ച് ഉദ്ഘാടനം ചെയ്തു. K.മുരളീധരൻ വയനാട്ടിലും ബെന്നി ബെഹനാൻ പാലക്കാട്ടും T.സിദ്ധിഖ് കണ്ണൂരും TN.പ്രതാപൻ കാസർകോട്ടും KC.ജോസഫ് ഇടുക്കിയിലും ഷാനിമോൾ ഉസ്മാൻ കോട്ടയത്തുമാണ് മാർച്ചിന് നേതൃത്വം നൽകുന്നത്.

✪✪✪

മാധ്യമപ്രവർത്തകൻ ഷാജൻ സ്കറിയക്ക് വസ്ത്രം മാറാൻ പോലും സമയം കൊടുക്കാതെ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന സമയത്ത് അറസ്റ്റ് ചെയ്ത പൊലീസ് നടപടി അസഹിഷ്ണുതയുടെ തെളിവാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ഭരണഘടനാവകാശങ്ങളെ കുറിച്ചും, മാധ്യമസ്വാതന്ത്ര്യത്തെ കുറിച്ചും വാചാലമായി സംസാരിക്കുന്ന ഇന്ത്യാ സഖ്യം

ഭരിക്കുന്ന സംസ്ഥാനങ്ങളിലാണ് അവകാശങ്ങൾ നഗ്നമായി ലംഘിക്കുന്നതെന്ന് രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് ആരോപിച്ചു.

✪✪✪

KSRTC ജീവനക്കാർക്കായി ഇൻഷൂറൻസ് പാക്കേജ് നടപ്പാക്കുമെന്ന് മന്ത്രി KB ഗണേഷ്കുമാർ അറിയിച്ചു. ജൂൺ നാലിന് പദ്ധതി പ്രാബല്യത്തിൽ വരും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് പദ്ധതി. 22,000ത്തിലേറെ സ്ഥിരം ജീവനക്കാർക്ക് പദ്ധതിയുടെ ഗുണം ലഭിക്കും.

✪✪✪

തെറ്റ് ഏറ്റുപറയാനും, തിരുത്താനും ഹിരൺദാസ് മുരളിയെന്ന റാപ്പർ വേടൻ തയ്യാറായതിനാലാണ് ഇടുക്കിയിൽ ഗവൺമെന്റ് പരിപാടിയിൽ വേടനെ പങ്കെടുപ്പിച്ചതെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. കട്ടപ്പനയിൽ കുടുംബശ്രീ ജില്ലാ കലോത്സവം' അരങ്ങ്" ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് 7:30-ന് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

തായ്പേയ് ഓപ്പൺ 2025 ഷട്ടിൽ ടൂർണമെന്റിൽ കിഡംബി ശ്രീകാന്ത്, അൻമോൾ കർബ്, ഉന്നതി ഹൂഡ എന്നീ താരങ്ങൾ ഇന്ത്യയെ നയിക്കും. ഇന്ന് ചൈനീസ് തായ്പേയിൽ ആണ് ടൂർണ്ണമെന്റ് ആരംഭിക്കുന്നത്.

✪✪✪

വിമുക്തഭടന്മാരുടെയും കുടുംബങ്ങളുടെയും പെൻഷൻ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്ന പ്രത്യേക സംവിധാനമായ 'സ്പർശ്' സേവനകേന്ദ്രത്തിന്റെ പന്ത്രണ്ടാം ഓഫീസ് നാളെ കോഴിക്കോട്ട് പ്രവർത്തനമാരംഭിക്കും. ചെന്നൈയിലെ ഡിഫൻസ് അക്കൗണ്ട്സ് കൺട്രോളർ T.ജയശീലൻ ഓഫിസ് ഉദ്ഘാടനം ചെയ്യും. രാവിലെ കോഴിക്കോട് വെസ്റ്റ് ഹില്ലിലെ വിമുക്തഭട ഭവനിലാണു ചടങ്ങ്.

✪✪✪

ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായ 'എന്റെ കേരളം' പ്രദർശന വിപണന മേളയുടെ കണ്ണൂർ ജില്ലാതല യോഗം വെള്ളിയാഴ്ച രാവിലെ ദിനേശ് ഓഡിറ്റോറിയത്തിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന യോഗത്തിൽ ജില്ലയിലെ വിവിധ മേഖലയിൽ നിന്ന്

പ്രത്യേക ക്ഷണിതാക്കളായ 500 ലധികം വ്യക്തികളുമായി  അദ്ദേഹം നേരിൽ സംവദിക്കും.

✪✪✪

തിരുവനന്തപുരം കാട്ടാക്കട സ്വദേശിയായ പത്താംക്ലാസ് വിദ്യാർത്ഥി ആദി ശേഖറിനെ ബന്ധു കാറിടിച്ച് കൊലപ്പെടുത്തിയ കേസിൽ  കോടതി അല്പസമയത്തിനകം  വിധി പറയും. തിരുവനന്തപുരം അഡിഷണൽ സെഷൻസ് കോടതിയാണ് വിധി പ്രസ്താവിക്കുന്നത്. പൂവച്ചൽ സ്വദേശിയും കുട്ടിയുടെ ബന്ധുവുമായ  പ്രിയരഞ്ജനാണ് കേസിലെ പ്രതി. ഇയാൾ കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയിരുന്നു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന 'മിഴിവ് 2025' ഓൺലൈൻ വീഡിയോ മത്സരത്തിലേക്ക് എൻട്രികൾ മേയ് 7 വരെ സ്വീകരിക്കും. 'ഒന്നാമതാണ് കേരളം' എന്ന വിഷയത്തിലാണ് മത്സരം. ഗവൺമെന്റിന്റെ  വികസന, ക്ഷേമ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, പദ്ധതികൾ,, ലക്ഷ്യങ്ങൾ എന്നിവയെ കുറിച്ചാണ് വീഡിയോ നിർമ്മിക്കേണ്ടത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: രജ്ന കെ*
*News Team: അനിൽ ചന്ദ്രൻ*
*DEO:  ഷീബ*